**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 190** **01-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഇല്ല. നിലവിൽ അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ട 557 മരുന്നുകളിൽ 47 മരുന്നുകളുടെ ഏറ്റക്കുറച്ചിലുകൾ ചില ജില്ലകളിലെ ചില സ്ഥാപനങ്ങളിൽ നേരിട്ടിട്ടുണ്ട്. മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കമ്മിറ്റി രൂപീകരിച്ച് മരുന്നുകളുടെ inter Institution transfer ഉം Inter District Transfer ഉം നടത്തി വരുന്നു. വിവിധ പദ്ധതികളിലൂടെ ആശുപത്രി വികസന സമിതി/ കാരുണ്യ ഫാർമസി/തദ്ദേശ സ്ഥാപനങ്ങളിൽ എന്നിവ മുഖേന മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നു. |
| (ബി) | ഗുരുതര രോഗങ്ങൾക്കുള്ള മരുന്നുകളുടെ വില വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ന്യായമായ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ, മിതമായ നിരക്കിൽ മരുന്നുകളും മറ്റനുബന്ധ സാമഗ്രികളും കാരുണ്യ ഫാർമസികൾ മുഖേന ലഭ്യമാക്കുന്നു. മരുന്ന് കമ്പനിക്കാരുടെ ഇടനിലക്കാരെ ഒഴിവാക്കി കമ്പനിയുടെ പ്രതിനിധികളുമായി നേരിട്ട് വിലപേശി, 45 ദിവസത്തെ വായ്പാകാലയളവിൽ മുൻകൂറായി മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തുവരുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്.<br>മരുന്നുവിതരണ രംഗത്ത് ഒരു സുപ്രധാന പങ്ക് വഹിക്കുന്ന കാരുണ്യ ഫാർമസിയ്ക്ക് മറ്റ് സ്വകാര്യ ഫാർമസികളുടെയും ഇടനിലക്കാരുടെയും ചൂഷണവും മരുന്നിന്റെ പൊതുവിപണിയിലെ വിലക്കയറ്റവും തടയുന്നതിന് പരമാവധി കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനെക്കാളും വിപണി വിലയിൽ നിന്ന് 10 മുതൽ 93% വരെ വിലക്കുറവിൽ കാരുണ്യ ഫാർമസിയിൽ നിന്ന് മരുന്നുകൾ വിതരണം ചെയ്യുന്നു. ചില ജീവൻ രക്ഷ മരുന്നുകൾ പൊതുവിപണിയിൽ നിന്നും 90-95% വരെ വിലക്കിഴിവിലാണ് നല്കി വരുന്നത്. |

| | | | |
|---|---|---|---|
| | | | നടപ്പ സാമ്പത്തിക വർഷം 284 കോടി രൂപയുടെ മരുന്നുകളും മറ്റനുബന്ധ സാമഗ്രികളുമാണ് കാരുണ്യ എന്ന സംരംഭത്തിലൂടെ പൊതുജനങ്ങൾക്ക് വിതരണം ചെയ്തത്.<br>കാൻസർ, വൃക്കരോഗം, കരൾ രോഗം, അവയവം മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവർ മുതലായ മാരക അസുഖങ്ങൾ ബാധിച്ചവർക്ക് ആവശ്യമായിട്ടുള്ള മരുന്നുകൾ വിവിധ കേന്ദ്ര/ സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തിരം കാരുണ്യ ഫാർമസികളിലൂടെ ലഭ്യമാക്കി വരുന്നു.<br>മണ്ഡലകാലത്ത് പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്നവ ഉൾപ്പെടെ, നിലവിൽ 73 കാരുണ്യ ഫാർമസികൾ പ്രവർത്തിക്കുന്നു. ഇവയിൽ 6 എണ്ണം 24 മണിക്കൂറും പ്രവർത്തിക്കുന്നവയാണ്. |
| (സി) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികൾക്ക് മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം നേരിട്ടുമ്പോൾ സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിന് ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ദർഘാസ് മുഖേന മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം, പ്രസ്തുത മരുന്നുകൾ ലഭ്യമായ ജില്ലകൾ/ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്ന് ഇന്റർ വെയർഹൗസ്/ ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ മുഖേന ടി മരുന്നുകൾ ആവശ്യമായ ജില്ലകൾ/ ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് ലഭ്യമാക്കാറുണ്ട്. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ ഏറെ അത്യാവശ്യമുള്ള മരുന്നുകൾ കാരുണ്യ ഫാർമസി മുഖേന സംഭരിച്ച് സർക്കാർ ആശുപത്രികളിൽ നൽകാറുണ്ട്.<br>ആരോഗ്യ കേന്ദ്രങ്ങളുടെ ആവശ്യാനുസൃതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് കാരുണ്യ ഫാർമസി വഴി മരുന്നുകൾ ഇപ്രകാരം വിതരണം ചെയ്ത് വരുന്നു. നടപ്പ് സാമ്പത്തിക വർഷം ഈ രീതിയിൽ 56.6 കോടി രൂപയുടെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്.<br>ലോക്കൽ പർച്ചേയ്സിന് ആരോഗ്യ കേന്ദ്രങ്ങൾക്ക് ലഭ്യമായ ഫണ്ട് വിനിയോഗിച്ചും കാരുണ്യയിൽ നിന്നും മരുന്നുകൾ വിതരണം ചെയ്ത് വരുന്നു.<br>സർക്കാരിന്റെ ആരോഗ്യ സുരക്ഷ പദ്ധതികളായ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, ആരോഗ്യ കിരണം മുതലായ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് മരുന്നുകൾ സൗജന്യമായി കാരുണ്യ ഫാർമസികളിൽ നിന്നും വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ